പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2271**

08.05.2017-ൽ മറുപടിക്ക്

## മരാമത്ത് റോഡുകളുടെ ഡിജിറ്റൽ മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മരാമത്ത് റോഡുകളുടെ ഡിജിറ്റൽ മാപ്പ് തയ്യാറാക്കുന്നുണ്ടോ; ഇത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും വകുപ്പ് പരിപാലിച്ച് വരുന്നതുമായ പാലങ്ങളുടെയും റോഡുകളുടെയും ജി.ഐ.എസ് മാപ്പുകൾ തയ്യാറാക്കലും ലോകബാങ്ക് സഹായത്തോടുകൂടിയുള്ള കെ.എസ്.റ്റി.പി ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ട്. ഇതിന്റെ അപ്ഡേഷൻ 2007 വരെ മാത്രമേ ചെയ്യാൻ സാധിച്ചിട്ടുള്ളൂ. 2007-ന് ശേഷം GIS Map തയ്യാറാക്കുന്ന പ്രവൃത്തികളൊന്നും തന്നെ പൊതുമരാമത്ത് വകുപ്പ് നടത്തിയിട്ടില്ല. കൂടാതെ വകുപ്പിന്റെ കൈവശം നിലവിലുള്ള GIS Digital Map-ൽ റോഡുകളുടെ അതിർത്തിയോ, മറ്റ് വിശദവിവരങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) റോഡുകളുടെ അതിർത്തി കൃത്യമായി നിർണ്ണയിച്ച് മാപ്പ് തയ്യാറാക്കിയാൽ കൈയേറ്റങ്ങൾ അതിവേഗം തിരിച്ചറിയുവാൻ സാധിക്കുമോ; വിശദീകരിക്കാമോ? | (ബി) റോഡുകളുടെ അതിർത്തി കൃത്യമായി നിർണ്ണയിച്ച് മാപ്പ് തയ്യാറാക്കിയാൽ കൈയ്യേറ്റങ്ങൾ അതിവേഗം തിരിച്ചറിയുവാൻ സാധിക്കുന്നതാണ്. ഇതിന് റവന്യൂ വകുപ്പിന്റെ സഹകരണം കൂടി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ